# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം10/2577/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/12/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം10/2577/2022 തീയ്യതി: 03/12/2022

## മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-11-2021 മുതൽ 12-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 12-10-2022 | 20-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-10-2022 | 20-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ. ദിനേശൻ എം, ഓഡിറ്റ് ഓഫീസർ
2) ശ്രീ. മുഹമ്മദ് സിയാദ് പി.പി, അസി.ഓഡിറ്റ് ഓഫീസർ.
3) ശ്രീ. ആലസ്സൻകുട്ടി യു,സീ.ഗ്രേഡ് ഓഡിറ്റർ
4) ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ വിജിത് ടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ബൽക്കീസ് ചീരോത്ത്(AS) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 22-04-2021 |
| ശ്രീ. സുമേഷ് കെ | സെക്രട്ടറി | 23-04-2021 | 16-05-2021 |
| ശ്രീമതി ബൽക്കീസ് ചീരോത്ത്(AS) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-05-2021 | 27-05-2021 |
| ശ്രീ. സുമേഷ് കെ | സെക്രട്ടറി | 28-05-2021 | 31-05-2021 |
| ശ്രീമതി ബൽക്കീസ് ചീരോത്ത്(AS) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 22-06-2021 |
| ശ്രീമതി.അയിഷ റഹ്ഫത്ത് കോയ | സെക്രട്ടറി | 23-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ബിപിൻ എൻ.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 18-11-2021 |
| ശ്രീ. ഷനൂപ് എം.ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 19-11-2021 | 30-11-2021 |
| ശ്രീമതി. ജിഷ ടി.ജെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-12-2021 | 16-03-2022 |
| ശ്രീ. ബിപിൻ എൻ.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 17-03-2022 | 31-03-2022 |
| ശ്രീമതി. ബിൽകീസ് ചീരോത്ത് | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ. സൈറാഭായി കെ.ജെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. സരിത വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീജ ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. മിനിമോൾ ടി.കെ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി ഗിരിജ എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ സിജിൻ കെ | വി.ഇ.ഒ | 01-04-2021 | 27-08-2021 |
| ശ്രീ. രാജേഷ്. വി.വി | വി.ഇ.ഒ | 28-08-2021 | 31-03-2022 |
| ഡോ. രമ്യ രവീന്ദ്രൻ | വെറ്ററനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. പി.എസ്. | ഫിഷറീസ് എക്സ്റ്റൻഷൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശിവപ്രസാദ് | ഓഫീസർ | | |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 13 | ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകി. | 1-13 |
| 14 | കംപ്യൂട്ടർ ലഭ്യമാവുകയോ തുക തിരികെ ലഭ്യമാക്കുകയോ ചെയ്തില്ല | 1-14 |
| 15 | പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ | 1-15 |
| 16 | വീടുകളിൽ ബയോ ബിൻ സ്ഥാപിക്കൽ:വിതരണ രേഖകൾ ലഭ്യമല്ല | 1-16 |
| 17 | മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല | 1-17 |
| 18 | ചുമതലയിൽ പെടാത്ത പ്രവൃത്തികൾക്ക് തുക ചെലവഴിച്ചു | 1-18 |
| 19 | തെരുവുവിളക്ക് സ്ഥാപിക്കൽ,റിപ്പയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-19 |
| 20 | ഇരുമ്പോത്തിങ്ങൽ കടവിൽ തോണി കടത്ത് കൂലി , തോണി വാടക എന്നിവ നൽകിയതിലെ അപാകതകൾ | 1-20 |
| 21 | ILGMS ഫ്രണ്ട് ഓഫീസിലേക്ക് ഹൈ സ്പീഡ് പ്രിന്ററും സ്കാനറും വാങ്ങൽ -സ്കാനർ ലഭ്യമായില്ല | 1-21 |
| 22 | കെ. എസ്.ഇ.ബി-ഡെപ്പോസിറ്റ് പ്രവർത്തി പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമല്ല | 1-22 |
| 23 | റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും, ആസ്തി സംരക്ഷണ പദ്ധതിയും തയ്യാറാക്കിയിട്ടില്ല. | 1-23 |
| 24 | ഭരണ സമിതി തീരുമാനം നടപ്പാക്കുന്നതിന് ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തി. | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാന നം 1(1) തിയ്യതി 22.02.2021 | തീരുമാന നം 1 തിയ്യതി 08.03.2022 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 13-06-2022 | _ | _ |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 23081548 |
| വരവ് | 94536206 |
| ആകെ | 117617754 |
| ചെലവ് | 84826474 |
| നീക്കിയിരിപ്പ് | 32791280 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16453434 | 16453434 | 16387530 | 65904 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 7555935 | 7555935 | 7353699 | 202236 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 12190000 | 12190000 | 10316050 | 1873950 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5903957 | 5903957 | 4947084 | 956873 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 10040210 | 10040210 | 3644878 | 6395332 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Un Tied | 0 | 4171575 | 4171575 | 3824610 | 346965 |
| ബി ഫണ്ട് | 0 | 52203500 | 52203500 | 52203500 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 195 | 101946081 | 132 | 65670301 | 32 | 31 | 67.69% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1 | 379752 | 379753 | 373554 | 6199 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 22311196 | 22311196 | 22311196 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 3968400 | 262 |
| വിധവാപെൻഷൻ | 13206000 | 914 |
| വാർദ്ധക്യകാലപെൻഷൻ | 28470600 | 2101 |
| വികലാംഗപെൻഷൻ | 5550900 | 368 |
| വിവാഹ ധനസഹായം | 30000 | 1 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 977600 | 67 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2022 ന് 11.26 AM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2503/- രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണെങ്കിലും ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.
പഞ്ചായത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകളിൽ പോലും ആയത് അടങ്കലിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടാണ് ഇപ്രകാരമുള്ള പ്രോജക്ടുകൾക്കായി ഉപയോഗപ്പെടുത്തുന്നത്.

പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പ്രോജക്ട് ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

കരാർ അടിസ്ഥാനത്തിൽ ജോലിനോക്കുന്ന തൊഴിലുറപ്പു വിഭാഗം ജീവനക്കാരുടെ സേവന പുസ്തകം പരിപാലിയ്ക്കപ്പെടുന്നില്ല.

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.06.2022 | 12/2021 To 05/2022 | 25.06.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-11-2018 മുതൽ 28-11-2018 വരെ | 2013-14 മുതൽ 2017-18 വരെ | 07-01-2019 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ 47836/-രൂപ വരവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈയിനത്തിൽ വാർഷിക കണക്കിൽ വരവ് രേഖപ്പെടുത്തിയതായി കാണുന്നില്ല, രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം KGB-CFC-PFMS അക്കൗണ്ടിൽ 31.03.22ന് 4910085 രൂപയാണ് നീക്കിയിരിപ്പ്. എന്നാൽ വാർഷിക കണക്ക് RP40(b) പ്രകാരം 3908532 രൂപയാണ് നീക്കിയിരിപ്പ്. ആയതിന്റെ ബാങ്ക് റീകൺസിയേഷൻ പത്രിക ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

3) ലേലം ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 136850/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

4) വാർഷിക കണക്ക് പ്രകാരം Permit Fee For Running Machinery ഇനത്തിൽ 5160/- രൂപ ഡിമാന്റും കളക്ഷനുമുണ്ട്, എന്നാൽ രജിസ്റ്റർ പ്രകാരം ഇത് 5330/-രൂപയാണ് .

5) തൊഴിൽ നികുതി Institutions/Proffessionals/Traders ഇനത്തിൽ 508190/- രൂപ ഡിമാന്റും കളക്ഷനുമുണ്ട്. എന്നാൽ രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

6) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം |
| തൻവർഷം | 6953946 | 6953946 | 6489426 | 6503647 | 440089 | 445062 |
| കുടിശ്ശിക | 1609151 | 1863923 | 1654894 | 1650392 | 209030 | 220435 |

7) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

8) B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതികൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 449760 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 3650 രൂപയും നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തിൽ ലഭ്യമായ വിഹിതങ്ങളിൽ നീക്കിയിരിപ്പില്ലാത്തതിനാൽ മേൽ തുകകൾ ഏതൊക്കെ വർഷങ്ങളിലെ നീക്കിയിരിപ്പാണ് എന്നത് വ്യക്തമല്ല.

9) B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതികൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 449760 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 3650 രൂപയും നീക്കിയിരിപ്പുള്ളതായാണ് രേഖപ്പെടുത്തിയത്. എന്നാൽ B11 പ്രകാരം ഈ ഉദ്ദേശത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ 172300/- രൂപയാണ് നീക്കിയിരിപ്പ്.

10) B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള ഐ.സി.ഡി.എസ്. – സ്പെസിഫിക് പർപ്പസ് ഗ്രാന്റ് തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയതിന് എ സി ആർ സൂക്ഷിച്ചിട്ടില്ല.

11) കോൺട്രാക്റ്റേഴ്സ് റിട്ടെൻഷൻ ഇനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളും രജിസ്റ്റർ പ്രകാരമുള്ള തുകകളും ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| മുന്നിരിപ്പ് | | വരവ് | | ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|---|
| രജിസ്റ്റർ | വാർഷിക കണക്ക് | രജിസ്റ്റർ | വാർഷിക കണക്ക് | രജിസ്റ്റർ | വാർഷിക കണക്ക് | രജിസ്റ്റർ | വാർഷിക കണക്ക് |

| | | | | | | | |
|---|---|---|---|---|---|---|---|
| 130585 | 130585 | 0 | 14880 | 85814 | 39924 | 44771 | 75599 |

മേൽ പരാമർശിച്ചത് പ്രകാരം , രജിസ്റ്ററിലേയും വാർഷിക കണക്കിലെയും മുന്നിരിപ്പ് പരിഗണിക്കുമ്പോൾ വാർഷിക കണക്കിലെ നീക്കിയിരിപ്പ് (130585+14880)-39924=105541/- രൂപയാണ് ലഭിക്കുക. എന്നാൽ വാർഷിക കണക്കിൽ 75599/-രൂപയാണ് നീക്കിയിരിപ്പ് രേഖപ്പെടുത്തിയത്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 17/2021-22/21.10.2022ന് മറുപടി ലഭ്യമായിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ , ഗ്രാമപഞ്ചായത്തിലെ DMS ആശുപത്രി എന്ന സ്ഥാപനത്തിലെ ചുവടെ ചേർത്ത ജീവനക്കാർ 2021-22 ഒന്നാം അർദ്ധ വർഷത്തിൽ 60 ദിവസം ജോലിയിലുണ്ടായിരുന്നിട്ടും അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | ജിവനക്കാർ | ജോലിയിൽ നിന്നും റിസൈൻ ചെയ്ത തിയതി |
|---|---|---|
| 1 | ശ്രീമതി. മുബിന പി, ലാബ് ടെക്നീഷ്യൻ | 31.05.2021 |
| 2 | ശ്രീമതി. സജിന കെ.വി, നഴ്സിംഗ് അസിസ്റ്റന്റ് | 21.06.2021 |
| 3 | ശ്രീമതി. വിലാസിനി ഒ.കെ, | 30.05.2021 |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 10/2021-22/17.10.2022ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല, ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകി.

ശ്രീ. കമ്മുകുട്ടി പി.എം. & മറ്റുള്ളവർ കുടി ക്ക് തേഞ്ഞിപ്പലം വില്ലേജിൽ റിസർവ്വേ നം. 27/4-3, സ്ഥലത്ത് ബേസ്മെന്റ് ഫ്ലോർ ഉൾപ്പടെ നാല് നിലകളിലായി ആകെ 1122.07ച.മീ ബിൽഡ് അപ് ഏരിയയുള്ള റസിഡൻഷ്യൽ കം കോമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് S3-BA(111381)/2022/26.03.2022 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഏരിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

റസിഡൻഷ്യൽ എരിയ - 893 ച.മീ(75 ച.മീ-ൽ താഴെയുള്ള 15 യൂണിറ്റുകൾ)

കൊമേഴ്സ്യൽ - 229.07 ച.മീ.

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

ചട്ടപ്രകാരം കെട്ടിടത്തിന്റെ റസിഡൻഷ്യൽ എരിയക്ക് 15/3= 5 കാർ പാർക്കിംഗ്+ 1 സന്ദർശക കാർ പാർക്കിംഗ് സൗകര്യവും കൊമേഴ്സ്യൽ ഏരിയക്ക് 229.07/90=2.5 Say 3 പാർക്കിംഗ് സൗകര്യവും ഉൾപ്പടെ ആകെ 9 കാർ പാർക്കിംഗ് സൗകര്യം ഒരുക്കേണ്ടതുണ്ട്. കെട്ടിടത്തിന് ആവശ്യമായ 9 കാർപാർക്കിംഗ് സൗകര്യം ഒരുക്കിയത് ബേസ്മെന്റ് ഫ്ലോറിൽ 5 എണ്ണവും ഗ്രൗണ്ട് ഫ്ലോറിൽ 4എണ്ണവുമായിട്ടാണ്.

ഇതിൽ ഗ്രൗണ്ട് ഫ്ലോറിലെ നാല് കാർ പാർക്കിംഗ് ഒരുക്കിയിരിക്കുന്നത് വാണിജ്യ കടമുറികൾക്ക് പിന്നിൽ ഒരേ നിരയിലായിട്ടാണ്. ഒരു വാഹനം മാറ്റാതെ മറ്റൊരു വാഹനത്തിന് തിരിക്കാനോ മറ്റോ സാധ്യമല്ല എന്നാണ് അംഗീകൃത പ്ലാനിൽ നിന്നും വ്യക്തമാകുന്നത്. ഉള്ളിലെ നിരകളിൽ പാർക്ക് ചെയ്ത വാഹനങ്ങൾക്ക് പുറത്തേക്ക് പ്രവേശിക്കണമെങ്കിൽ അതിന് മുൻപിൽ/സമീപമുള്ള വാഹനങ്ങൾ മാറ്റേണ്ടതായിട്ടുണ്ട്. മാത്രമല്ല, ഈ പാർക്കിംഗ് ഏരിയയിലേക്ക് ഏത് വഴിയാണ് വാഹനം പ്രവേശിക്കുക / പുറത്തിറങ്ങുക എന്നത് പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

KPBRചട്ടം 29(4) പ്രകാരം തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തും തെരുവിലേക്കുള്ള മതിയായ വാഹന പ്രവേശന മാർഗ്ഗമുണ്ടായിരിക്കേണ്ടതും പാർക്കിംഗ് സ്ഥലം കൂടാതെ ഡ്രൈവ് ഏരിയ നിരകൾക്ക് മദ്ധ്യേയുള്ള പാത , വാഹനങ്ങൾ തിരിക്കാനും മറ്റും മതിയായ സ്ഥലം ഉള്ളവയായിരിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 18/2021-22/20.10.2022ന് മറുപടി ലഭ്യമായിട്ടില്ല. ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതമാണ്.

## 1-14 കംപ്യൂട്ടർ ലഭ്യമാവുകയോ തുക തിരികെ ലഭ്യമാക്കുകയോ ചെയ്തില്ല

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി നം. : 121/21-22 ഐ.സി.ഡി.എസ് ഓഫീസിലേക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ: : 39797/-(വികസന ഫണ്ട്-ജനറൽ)

ചെലവ് വിവരം : ബിൽ നം. 10/21-22/25.02.22, Rs. 39797/-

ഐ.സി.ഡി.എസ് ഓഫീസിലേക്ക് കംപ്യൂട്ടർ ലഭ്യമാക്കുന്നതിനായിട്ടാണ് ബിൽ പ്രകാരമുള്ള തുക പ്രഫോമ ഇൻവോയ്സ് നം. TVM/ITBG/PI/RC/35785/2020-21 ന്റെ അടിസ്ഥാനത്തിൽ കെൽട്രോണിന് നൽകിയിട്ടുള്ളത്. ബിൽ പ്രകാരമുള്ള കംപ്യൂട്ടർ സ്റ്റോക്കിൽ ഇല്ലാത്തതിനാൽ വർക്ക് ഓർഡർ നൽകാൻ കഴിയാതെ വരികയും തുടർന്ന് അടവാക്കിയ തുകക്ക് കംപ്യൂട്ടൽ ലഭ്യമാവില്ല എന്ന് കെൽട്രോൺ അറിയിച്ചതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നാളിതു വരെ കംപ്യൂട്ടർ ലഭ്യമായി സ്റ്റോക്കിലെടുക്കുകയോ അടവാക്കിയ തുക തിരികെ ലഭ്യമാവുകയോ ചെയ്തിട്ടില്ല.

ഉദ്ദേശിച്ച ഓഫീസ് പ്രവർത്തനങ്ങൾക്ക് പര്യാപ്തമായ സ്പെസിഫിക്കേഷനോട് കൂടിയുള്ള കംപ്യൂട്ടറിന് എത്ര വില വരുമെന്നും ആയത് സ്റ്റോക്കിൽ ലഭ്യമാണോ എന്നതും പരിശോധിക്കാതെയാണ് പദ്ധതിക്ക് തുക വകയിരുത്തിയതും തുക കെൽട്രോണിലേക്ക് അടവാക്കിയതും.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 15/2021-22/17.10.2022 ന് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ കംപ്യൂട്ടർ ലഭ്യമാക്കുന്നതിനായി കെൽട്രോണിലേക്ക് അധിക തുക അടവാക്കുന്നതിലേക്കായി 2022-23ൽ പുതിയ പദ്ധതി വെച്ചതായും, പ്രൊ.നം.185/22-23, തുക-14040 (ഇത് ഉൾപ്പടെ ആകെ 41887/- രൂപ ആവും) മേൽ തുക കെൽട്രോണിന് അടവാക്കുന്നതിന് ഇൻവോയ്സ് സമർപ്പിച്ചതായും അറിയിച്ചു. കംപ്യൂട്ടർ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ

2021-22 ൽ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 904134 രൂപ കേരള വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്. 4/2021 മുതൽ 1/2022 വരെ 170 ടാപ്പുകൾക്ക് 78101 രൂപയാണ് അടവാക്കിക്കൊണ്ടിരുന്നത്. എന്നാൽ 22.12.2022ൽ പഞ്ചായത്തും വാട്ടർ അതോറിറ്റിയും ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ 134 ടാപ്പുകൾ ആണ് നിലവിലുള്ളത് എന്ന് കണ്ടെത്തിയതിനെ തുടർന്ന് 2/2022 മുതൽ 3/2022 വരെ 134 ടാപ്പുകൾക്കാണ്, 64633 രൂപ, വെള്ളക്കരം അടവാക്കിയിട്ടുള്ളത്.

നിലവിലുള്ളതായി കണ്ടെത്തിയ 134 ടാപ്പുകളിലെ 29 എണ്ണത്തിൽ ഭാഗികമായി മാത്രമെ വെള്ളം ലഭിക്കുന്നുള്ളുവെന്നും, അവയിൽ ഏതെല്ലാം റിപ്പയർ ചെയ്ത് നിലനിർത്തണം ഏതെല്ലാം പൂർണ്ണമായി ഒഴിവാക്കണം എന്നും അറിയിക്കുവാൻ വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ആവശ്യപ്പെട്ടതായി 7.02.2022 ലെ 7(1) നമ്പർ ഭരണ സമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഒരു റിപ്പോർട്ട് വാട്ടർ അതോറിറ്റിക്ക് ഇതുവരെ നൽകിയിട്ടില്ല. യഥാസമയം റിപ്പോർട്ട് നൽകാത്തത് മൂലം രണ്ട് മാസത്തേക്ക് (ഫെബ്രുവരി&മാർച്ച്) ഗ്രാമ പഞ്ചായത്തിന് വെള്ളക്കരമിനത്തിൽ നഷ്ടമുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/ 13.10.2022 ന ലഭ്യമാക്കിയ മറുപടിയിൽ മെമ്പർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ലയെന്നും റിപ്പോർട്ട് ലഭ്യമാകുന്നമുറക്ക് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. വിഷയത്തിൽ താമസം കൂടാതെ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 വീടുകളിൽ ബയോ ബിൻ സ്ഥാപിക്കൽ:വിതരണ രേഖകൾ ലഭ്യമല്ല

പ്രോജക്ട് നം. :200/22

നിർവഹണം :വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ചെലവ് : 4,44,400 രൂപ

ചെക്ക് നം. :1)JM 5833668 തി.16.3.22, 44440 രൂപ (ഗുണഭോക്തൃ വിഹിതം)

:2)JM 5833669 തി.16.3.22, 3,99,960 തനത് ഫണ്ട്

ഒരു ഗുണഭോക്താവിൽ നിന്നും 220 രൂപ വീതം ഈടാക്കി 44,440 (202x220) രൂപ ഗുണഭോക്തൃ വിഹിതവും, തനത് ഫണ്ടിൽ നിന്നും 3,99,960 രൂപയും ചേർത്ത് മൊത്തം 4,44,400 രൂപ 2200 രൂപ വിലയുള്ള 202 ബയോ ബിൻ യൂണിറ്റുകൾക്കായി സോഷ്യോ എക്കോണമിക് യൂണിറ്റ് ഫൗണ്ടേഷന് നൽകിയിട്ടുണ്ട്. തുടർന്ന് ഇൻവോയ്സ് നം. 44/477 തി.8.2.2022 പ്രകാരം സ്ഥാപനം 202 ബയോ ബിൻ യൂണിറ്റുകൾ സപ്ലൈ ചെയ്യുകയും ചെയ്തു. ഈ ബയോ ബിന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനായി നിർവഹണ ഉദ്യോഗസ്ഥ വിവിധ വാർഡ് മെമ്പർമാർക്ക് നല്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയത് ഗുണഭോക്താക്കൾ കൈപറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ മുഴുവൻ ഗുണഭോക്താക്കൾക്കും ബയോ ബിൻ ലഭ്യമായോ എന്നത് വ്യക്തമല്ല. അതുപോലെ, ബിന്നുകൾ ഫലപ്രദമായും കുറ്റമറ്റ രീതിയിലും ഉപയോഗിക്കാൻ അനിവാര്യമായ മാർഗ നിർദേശങ്ങൾ കരാറിലെ വ്യവസ്ഥ (നം. 7) പ്രകാരം, സോഷ്യോ എക്കോണമിക് യൂണിറ്റ് ഫൗണ്ടേഷൻ നല്കിയോ എന്നത് വ്യക്തമാകുന്ന രേഖകളോ, ഉദ്യോഗസ്ഥന്റെയോ ഗുണഭോക്താവിന്റെയോ സാക്ഷ്യപത്രമോ ഫയലിൽ ഇല്ല. കൂടാതെ പദ്ധതി നടപ്പാക്കിയതിന്റെയും പുരോഗതിയുടെയും മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമല്ല. ഓഡിറ്റ്

എൻക്വയറി നമ്പർ 9/17.10.2022 ന മറുപടി ലഭ്യമായിട്ടില്ല. ചെലവു തുക 4,44,400 രൂപ തടസത്തിൽ വെക്കുന്നു.

## 1-17 മരുന്നുകൾ മുഴവൻ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (PHC) നിർവഹണം നടത്തിയ പദ്ധതികളിൽ മരുന്നുകൾ വാങ്ങുന്നതിനായി, പ്രഫോർമ ഇൻവോയിസുകളുടെ അടിസ്ഥാനത്തിൽ, താഴെ കാണും പ്രകാരം തുക നല്കിയെങ്കിലും മുഴവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

| പ്രൊജക്റ്റ് പേര്, നമ്പർ | മരുന്നിനായി നല്കിയ തുക | ബിൽ നം./തി. | ലഭ്യമായ മരുന്നിന്റെ വില | ഇൻവോയ്സ് നം തിയതി | ശേഷിക്കുന്നത് |
|---|---|---|---|---|---|
| "പി എച്ച് സി ക്ക് മരുന്ന വാങ്ങൽ(127/22) | 200000 MG(NR) | 14/21-22 31.1.22 | 51334<br>64280<br>9963<br>3301 | 736/21.4.22<br>562/24.4.22<br>9474/26.8.22<br>9477/26.8.22 | 71122 |
| | 400000 MG(NR) | 17/21-22 31.1.22 | 161980 | 4570/17.6.22 | 238020 |
| പരിരക്ഷ പദ്ധതി S079/21 | 250000 പൊതുവിഭാഗം സധാരണ വിഹിതം | 15/21-22 31.1.22 | 14466<br>17383<br>6798<br>8615<br>10254 | 739/21.4.22<br>6826/26.7.22<br>9033/23.8.22<br>11083/15.9.22<br>13188/17.10.22 | 192484 |
| ആകെ | 850000 | | 348374 | | 501626 |

ശേഷിക്കുന്ന 501626 രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ നടപടി സ്വീകരിച്ച സ്റ്റോക്ക് വിതരണ വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 8/17.10.2022)

## 1-18 ചുമതലയിൽ പെടാത്ത പ്രവൃത്തികൾക്ക് തുക ചെലവഴിച്ചു

സെക്രട്ടറി 2021-22 വർഷത്തിൽ താഴെ പറയും പ്രകാരം പ്രൊജക്ടുകൾ നിർവ്വഹിച്ചിട്ടുണ്ട്

| ക്രമ നം | പ്രോജക്ട് | ചെലവഴിച്ച തുക, ഫണ്ട് | ബിൽനമ്പർ/ചെക്ക് നമ്പർ | കുറിപ്പ് |
|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ. 245/22, തണ്ണിശ്ശേരി ഭാഗത്ത് ട്രാൻസ്ഫോമറും അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കലും എലുമ്പനങ്ങാട് തൈക്കണ്ടി ഭാഗത്ത് ത്രീ ഫേസ് ലൈനും. | 560000 ധനകാര്യകമ്മീഷൻ ഗ്രാന്റ് , | 204/16.02.22 | കെ.എസ്.ഇ.ബി യുടെ ഡി.ബി/ യു.സി/22-23/135 തീയ്യതി 21.7.2022 കത്തിൽ ഈ പ്രവൃത്തി 90% പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. |
| | | 500000 തനത് ഫണ്ട് | 1535713/25.01.22 | |
| 2 | പ്രോജക്ട്നമ്പർ. 260/22,പള്ളിപ്പടി-കാടപ്പറമ്പ്-വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ത്രീഫേസ് ലൈൻ വലിക്കൽ | 299798 തനത് ഫണ്ട് | 081740/04.03.22 | കെ.എസ്.ഇ.ബി യുടെ ഡി.ബി/ യു.സി/22-23/135 തീയ്യതി 21.7.2022 കത്ത് പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട് |
| | ആകെ | 13,59,798 | | |

1994 ലെ കേരള പഞ്ചായത്ത് രാജ് സെക്ഷൻ 166 (1) പട്ടിക എ 'അനിവാര്യ ചുമതലകൾ' 15, പട്ടിക സി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ' Ix വിദ്യുച്ഛക്തിയും ഊർജ്ജവും എന്നിവയിൽ ഗ്രാമ പഞ്ചായത്തിന്റെ ചുമതല തെരുവ് വിളക്കുകൾ സ്ഥാപിക്കലും പരിപാലനവുമാണ്. ട്രാൻസ്ഫോമറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ, വോൾട്ടേജ് ക്ഷാമം പരിഹരിക്കൽ എന്നിവ കെ.എസ്.ഇ.ബിയുടെ ചുമതലയാണ്. ആയതിനാൽ പ്രൊജക്ടുകൾ പ്രകാരം തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 06/15.10.2022 ന് നൽകിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനാണ് ട്രാൻസ്ഫോമർ സ്ഥാപിച്ചത് എന്ന മറുപടി നൽകി .ട്രാൻസ്ഫോമറും അനുബന്ധ ഉപകരണങ്ങളും

സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബിയുടെ ചുമതലയാണ് എന്നതിനാൽ ചെലവ് തുക 13,59,798 രൂപ തടസ്സം ചെയ്യുന്നു. ചെലവിന് സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

## 1-19 തെരുവുവിളക്ക് സ്ഥാപിക്കൽ,റിപ്പയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി 2021-22 വർഷത്തിൽ താഴെ പറയും പ്രകാരം പ്രൊജക്ടുകൾ നിർവ്വഹിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് | ചെലവഴിച്ച തുക, ഫണ്ട് | ബിൽനമ്പർ/ചെക്ക് നമ്പർ |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ. 190/22, സ്ട്രീറ്റ് ലൈറ്റ് റിപ്പയർ(സ്പിൽ ഓവർ) | 62438 ധനകാര്യകമ്മീഷൻ ഗ്രാന്റ് , | 78/26.10.21 |
| 2 | പ്രോജക്ട്നമ്പർ. 191/22 ,15 ാം വാർഡിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 50000 ധനകാര്യകമ്മീഷൻ ഗ്രാന്റ് , | 79/26.10.21 |
| | | 50000 ധനകാര്യകമ്മീഷൻ ഗ്രാന്റ് , | 229/25.02.22 |
| 3 | പ്രോജക്ട്നമ്പർ. 244/22 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ | 156650 | 340/27.03.22 |
| | ആകെ | 319088 | |

പ്രസ്തുത ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ ഡി.എ3/ 2011 /തസ്വഭവ സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച്- പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റ് റിപ്പയർ,സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കിയത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങാതെയാണ്.

2.3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് പ്രവർത്തികൾ നടത്തിയിട്ടുള്ളത്.

3.പദ്ധതികളുടെ നിർവഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതമായതുമായ തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല.

4.മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല. 17 വാർഡ് മെമ്പർമാർ ഹാജരാക്കിയ സാക്ഷ്യപത്രത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് . ഏത് ഇനം, എത്ര എണ്ണം എന്നിവ സാക്ഷ്യ പത്രത്തിൽരേഖപ്പെടുത്തിയിട്ടില്ല.

5)തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിലെ പരാമർശ പ്രകാരം കേടായ സാധനങ്ങൾ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ അങ്ങനെയൊരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. അഴിച്ചുമാറ്റപ്പെട്ട കേടായ തെരുവ് വിളക്കുകൾ എന്തുചെയ്തുവെന്ന് വ്യക്തമല്ല.

6.കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബേർഡിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ,ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഇല്ലാതെയാണ് മേൽസൂചിപ്പിച്ച പ്രോജക്ടുകൾക്ക് തുക അനുവദിച്ചിട്ടുള്ളത്.

അപാകതക്ക് വിശദീകരണം നൽകേണ്ടതും, ചെലവ് സാധൂകരിക്കുന്നതിന് ആധാരമായ ഉത്തരവുകൾ ഉണ്ടെങ്കിൽ ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13 /18. 10.2022 ന് മറുപടിയിൽ കെ.എസ്.ഇ.ബിക്ക് കത്ത് നൽകിയിട്ടും നാളിതുവരെ പൂർത്തീകരണ സാക്ഷ്യപത്രം നൽകിയിട്ടില്ല എന്ന് അറിയിച്ചു.തെരുവ് വിളക്ക് പരിപാലനവും സ്ഥാപിക്കലും കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 ഇരുമ്പോത്തിങ്ങൽ കടവിൽ തോണി കടത്ത് കൂലി , തോണി വാടക എന്നിവ

## നൽകിയതിലെ അപാകതകൾ

സെക്രട്ടറി തൻ വർഷം നിർവ്വഹണം നടത്തിയ ഇരുമ്പോത്തിങ്ങൽ കടവിൽ തോണി കടത്ത് കൂലി, തോണി വാടക എന്ന പദ്ധതിയിൽ (നം.7/22) ശ്രീ,ഹംസ പുറ്റാളിൽ എന്ന വ്യക്തിയുടെ 40216100105264 എന്ന അക്കൌണ്ടിലേക്ക് വൌച്ചർ നമ്പർ 22100724/10.01.22 പ്രകാരം 70000 രൂപ (തനത് ഫണ്ട്) കടവ് നടത്തിപ്പിന് പ്രതിഫലമിനത്തിൽ നൽകിയിട്ടുണ്ട് .ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു

1) 01.04.2021 മുതൽ 04.01.2022 വരെ ഗ്രാമ പഞ്ചായത്ത് കടവ് നടത്തിപ്പിനായിനായി ശ്രീ,ഹംസയെ ചുമതലപ്പെടുത്തിയിട്ടില്ല. 05.01.2022 നാണ് ശ്രീ,ഹംസ കടവ് നടത്തിപ്പിന് പഞ്ചായത്തുമായി കരാർ ഒപ്പുവച്ചത്. 20.01.22 ന് 2021-22 വർഷത്തെ പ്രതിഫലത്തിനുള്ള അപേക്ഷയും നൽകി. തുടർന്ന് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 22.1.2022 ലെ 1(3) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ വൗച്ചർ പ്രകാരം പ്രതിഫലം അനുവദിച്ചു. (18.01.2022 ന് മാർച്ച് മാസത്തിനു ശേഷം ജോലിയിൽ തുടരാൻ താല്പര്യമില്ലയെന്ന് ശ്രീ,ഹംസ ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്).

2)കടത്ത് തോണിയുടെ ഫിറ്റ്നസ് ഹാജരാക്കണമെന്ന ഗ്രാമ പഞ്ചായത്ത് നിർദേശം ടിയാൾ പാലിച്ചിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 05/15.10.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഫിറ്റ്നസ് ലഭിക്കാൻ ടിയാൻ ശ്രമിച്ചുവെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ലയെന്നും, കാലങ്ങളായി കടവ് നടത്തിവരുന്ന ആളാണ് എന്ന പരിഗണന വച്ചാണ് തുക നൽകിയത് എന്നും അറിയിച്ചു.

കടവ് നടത്തിപ്പിനായി ലേല നടപടികൾ സ്വീകരിച്ച്, പ്രതിഫലവും കടത്തു കൂലിയും നിർണ്ണയിച്ച്, കരാർ ചമച്ച്, യാനത്തിന്റെ ഫിറ്റ്നസ് ഉറപ്പുവരുത്തി കടവ് നടത്തിപ്പ് ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് സ്വീകരിക്കുന്ന തുടർ നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 ILGMS ഫ്രണ്ട് ഓഫീസിലേക്ക് ഹൈ സ്പീഡ് പ്രിന്ററും സ്കാനറും വാങ്ങൽ -സ്കാനർ ലഭ്യമായില്ല

നിർവ്വഹണം. :സെക്രട്ടറി

പ്രോജക്ട് നമ്പർ. :273/22

ചെലവ്: :96,949 രൂപ

ഗ്രാമ പഞ്ചായത്ത് 2021-22 വർഷത്തിൽ “ILGMS ഫ്രണ്ട് ഓഫീസിലേക്ക് ഹൈസ്പീഡ് പ്രിന്ററും സ്കാനറും വാങ്ങൽ" എന്ന പദ്ധതിയിൽ CPRCS മുഖേന ഹൈ സ്പീഡ് സ്കാനർ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ITമിഷന്റെ 799011400003959 നമ്പർ അക്കൌണ്ടിലേക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട് . എന്നാൽ നാളിതുവരെ പ്രിന്റർ ലഭ്യമാക്കിയിട്ടില്ല.

| ചെലവഴിച്ച തുക | ബിൽനമ്പർ/ചെക്ക് നമ്പർ | ഫണ്ട് |
|---|---|---|
| 96949 | 22100899/4.03.22 | തനത് ഫണ്ട് |

ജി.ഒ(ആർ.ടി) നമ്പർ 486/2022/LSGD തിയതി.28.02.22 ഖണ്ഡിക 2 പ്രകാരം CPRCS മുഖേന ഉപകരണങ്ങൾ ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ ഡെപ്പോസിറ്റ് തുക തിരികെ വാങ്ങാമെന്നും ഈ തുക ഉപയോഗിച്ച് GEM പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങാനും അനുമതി നൽകിയിട്ടുണ്ട്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 04/15.10.2022 ന് നൽകിയ മറുപടിയിൽ പ്രിന്റർ ലഭ്യമാക്കാൻ കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്.

പ്രിന്റർ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം ജി.ഒ(ആർ.ടി) നമ്പർ 486/2022/LSGD തിയതി.28.02.22 ഖണ്ഡിക 2 ൽ നിർദേശിച്ച പ്രകാരം ഡെപ്പോസിറ്റ് തുക തിരികെ ഈടാക്കേണ്ടതാണ്.പ്രിന്റർ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.ആയത് വരെ ചെലവ് തുക 96,949 തടസ്സം ചെയ്യുന്നു.

## 1-22 കെ. എസ്.ഇ.ബി-ഡെപ്പോസിറ്റ് പ്രവർത്തി പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമല്ല

നിർവ്വഹണം. സെക്രട്ടറി

ഗ്രാമ പഞ്ചായത്ത് 2021-22 വർഷത്തിൽ താഴെ പറയുന്ന പ്രവർത്തികൾക്കായി കെ. എസ്.ഇ.ബി.യിൽനിന്നും ലഭ്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് എന്നാൽ പൂർത്തീകരണ,വിനിയോഗ വിവരം ലഭ്യമല്ല. വിശദ വിവരം ചുവടെ:

| പ്രോജക്ട് നംമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക | ബിൽനമ്പർ/വൌച്ചർ നമ്പർ | ഫണ്ട് |
|---|---|---|---|---|
| 71/22 | പുതിയത്ത് എസ്.സി.കോളനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 95000 | 285/16.03.22 | വികസനഫണ്ട് SCP |

| | | | | |
|---|---|---|---|---|
| | | 12291 | 22100933/17.3.22 | തനത് ഫണ്ട് |
| 253/22 | അമ്പലപ്പടി നിരോൽപ്പാലം തട്ടാശ്ശേരിമാട് സ്ട്രീറ്റ് ലൈൻ വലിക്കൽ | 195880 | 22100934/17.3.22 | തനത് ഫണ്ട് |
| | ആകെ | 3,03,171 | | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 03/15.10.2022 ന് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബിയിലേക്ക് കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. കരാർ പ്രകാരം 6 മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണമെന്നിരിക്കെ തുക കൈപറ്റി നാളിതുവരെ പ്രവർത്തി പൂർത്തീകരിക്കാത്തതിന് കാരണം അറിയിക്കേണ്ടതും കെ.എസ്.ഇ.ബി.യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 3,03,171 രൂപ തടസ്സം ചെയ്യുന്നു.

## 1-23 റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും, ആസ്തി സംരക്ഷണ പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം അവലോകനം ചെയ്തതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

I-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

II-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-24 ഭരണ സമിതി തീരുമാനം നടപ്പാക്കുന്നതിന് ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തി.

2021-22 ഭരണ സമിതി താഴെ പട്ടികയിൽ പറഞ്ഞ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

| | |
|---|---|
| 4(1)/8.3.2022 | കൃഷി ഓഫീസിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് 8/2021 മുതൽ 3/2022 വരെ വേതനം നൽകുന്നതിന് തീരുമാനിച്ചു. |
| 4(3)/8.3.2022 | 4(1)/8.3.2022 തീരുമാനം നടപ്പിലാക്കുന്നതിനോട് സെക്രട്ടറി വിയോജിച്ചതിനാൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് സർക്കാരിലേക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചു. |

മേൽ തീരുമാനങ്ങൾ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം നൽകാൻ

ഓഡിറ്റ് എൻക്വയറി നം.1/13.10.2022 മുഖേനെ ആവശ്യപ്പെട്ടിരുന്നു.

1) കൃഷി ഓഫീസിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് വേതനം അനുവദിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട വൌച്ചറിന്റെ നമ്പർ തീയ്യതി തുക എന്നീ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. വേതനം അനുവദിച്ചിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം നൽകേണ്ടതാണ്.

2) ഭരണ സമിതി തീരുമാനം അനുസരിച്ച് സർക്കാരിലേക്ക് എഴുതിയ കത്തും ബന്ധപ്പെട്ട ഫയലും ഹാജരാക്കേണ്ടതാണ്.

3) സർക്കാരിലേക്ക് കത്ത് നൽകിയിട്ടില്ലെങ്കിൽ ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

4) ഈ വിഷയവുമായി ബന്ധപ്പെട്ട് പിന്നീട് ഭരണ സമിതി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ നമ്പർ തീയ്യതി എന്നീ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഇതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ (നമ്പർ, തീയ്യതി ഇല്ല) 8/2021, 9/2021, 10/2021 മാസങ്ങളിലെ വേതനം നൽകിയിട്ടുണ്ടെന്നും, കൃഷി ഓഫീസിൽ തസ്തിക ഒഴിവില്ലാതിരുന്നതിനാലാണ് ദിവസക്കൂലിക്ക് നിയമിച്ച വ്യക്തിക്ക് വേതനം നൽകാതിരുന്നതെന്നും, ഇപ്രകാരം നിയമനം നടത്തുന്നതിന് അനുമതിനൽകിക്കൊണ്ടുള്ള ഉത്തരവ് കൃഷി ഓഫീസർ ഹാജരാക്കിയിട്ടില്ല എന്നും, മറ്റ് പഞ്ചായത്തുകളിൽ ഒന്നും ഇപ്രകാരം നിയമനം നടത്തിയിട്ടില്ല എന്നും, വ്യക്തിപരമായ ബാധ്യത വരുമെന്നതിനാലാണ് തുടർന്നും വേതനം നൽകാതിരുന്നതെന്നും, ഒഴിവുള്ള പക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ നിയമനം നടത്തണമെന്നാണ് കൃഷി വകുപ്പ് അറിയിച്ചതെന്നും അറിയിച്ചിട്ടുണ്ട്. സർക്കാരിലേക്ക് ഇത് സംബന്ധിച്ച കത്ത് നൽകിയിട്ടില്ലെന്നും ഡി.ഡി.പി യോട് വ്യക്തത തേടുകയാണുണ്ടായതെന്നും പിന്നീട് ഇക്കാര്യത്തിൽ തീരുമാനം ഒന്നും എടുത്തിട്ടില്ലെന്നും, എല്ലാ കാര്യങ്ങളും പ്രസിഡണ്ടിന്റെ അറിവോടെയാണ് സ്വീകരിച്ചത് എന്നും മറുപടിയിൽ വ്യക്തമാക്കുകയുണ്ടായി.

2003 ലെ കേരളാ പഞ്ചായത്തി രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ സ്വീകരിക്കേണ്ട നടപടി ക്രമം) ചട്ടങ്ങളിലെ ചട്ടം 4(1), 4(2), 4(3), 4(4), 4(5) എന്നിവ പ്രകാരമായിരുന്നു സെക്രട്ടറി ഈ വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടിയിരുന്നത് . ചട്ടപ്രകാരം നടപടി സ്വീകരിച്ച് പഞ്ചായത്ത് തീരുമാനം നടപ്പാക്കുന്നതിന് സെക്രട്ടറിക്ക് നിയമപരമായ ബാധ്യതയുണ്ട്. പ്രസ്തുത കർത്തവ്യം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. പരിഹാര നടപടികൾക്കായി വിഷയം ഭരണ സമിതിയുടെ സത്വര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ഈ വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2021-22 | 12-10-2022 മുതൽ<br>20-10-2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 118500 | ലൈഫ് ഭവന നിർമ്മാണം ജനറൽ-36/21-22 | 118500 | 0 |
| | 750000 | സുഭിക്ഷ കേരളം നെൽകൃഷി വികസനം-112/21-22 | 750000 | 0 |
| | 511000 | ലൈഫ് ഭവന നിർമ്മാണം എസ്.സി.-42/21-22 | 511000 | 0 |
| ജില്ലാ പഞ്ചായത്ത് | 482825 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്-66/21-22 | 482825 | 0 |

| | | | | |
|---|---|---|---|---|
| | 2000000 | ലൈഫ് ഭവന നിർമ്മാണം എസ്.സി.-42/21-22 | 2000000 | 0 |
| | 390000 | ലൈഫ് ഭവന നിർമ്മാണം ജനറൽ-36/21-22 | 390000 | 0 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരണ വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | മേലേരിക്കാവ് കളങ്ങറൻകണ്ടി ത്രീഫേസ് ലൈൻ-38 | 22100932/19-03-22 | 145937 | 145937 | പൂർത്തീകരിച്ചു | 0 |
| | പുതിയാത്ത് SC കോളനി സ്ട്രീറ്റ് മെയിൻ-71 | 22100933,22101210/19-03-22 | 107291 | - | UC ലഭ്യമായിട്ടില്ല | 107291 |
| | അമ്പലപ്പടി-നിരോൽപാലം-തട്ടാശ്ശേരിമാട്-സ്ട്രീറ്റ് ലയിൻ-253 | 22100934/19-03-22 | 195880 | ---- | UC ലഭ്യമായിട്ടില്ല | 150000 |
| | തണ്ണിശ്ശേരി ട്രാൻസ്ഫോർമർ ത്രീഫേസ്-245 | 22100761/25-01-22 | 106000 | 106000 | പൂർത്തീകരിച്ചു | 0 |
| | പാറമ്മൽ പുറഞ്ചേരിപ്പാടം റോഡ്-പോസ്റ്റ് മാറ്റൽ-257 | 22100842/25-02-22 | 39487 | 39487 | പൂർത്തീകരിച്ചു | 0 |
| | പുതുക്കര റോഡ്-പോസ്റ്റ് മാറ്റൽ-257 | 22100841/25-02-22 | 32151 | 32151 | പൂർത്തീകരിച്ചു | 0 |
| | ആലുങ്ങൾ അളച്ചാട്ടുപടി റോഡ്-പോസ്റ്റ് മാറ്റൽ-257 | 22100930/19-03-22 | 241087 | 241087 | പൂർത്തീകരിച്ചു | 0 |
| | പള്ളിപ്പടി-കടപ്പറമ്പ്-ത്രീഫേസ്-245 | 22100887/04-03-22 | 299798 | 299798 | പൂർത്തീകരിച്ചു | 0 |
| | പൊറ്റയിൽ-കൊളത്തോട് റോഡ്-പോസ്റ്റ് മാറ്റൽ-257 | 22100840/04-03-22 | 38549 | 38549 | പൂർത്തീകരിച്ചു | 0 |
| | തട്ടശ്ശേരിമാട് –കരുവണ്ട് റോഡ് പോസ്റ്റ് മാറ്റൽ-257 | 22100938/25-03-22 | 30157 | 30157 | പൂർത്തീകരിച്ചു | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2011-12,12-13 | 3-7, 3-8 | 47836 | ശ്രീ. രാധാകൃഷ്ണൻ ടി, അസി.എഞ്ചിനിയർ | 121020900016 തീയതി 13-01-2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2004-05 | പൊതു പരാമർശം | കൊയ്ത്തുമെതിയന്ത്രം-പദ്ധതി ലക്ഷ്യം നേടിയില്ല | കാലപ്പഴക്കത്താൽ നശിച്ച ഉപകരണങ്ങൾ ലേല നടപടികൾക്കായി ചലാൻ അടച്ച് പിഡബ്ലിയുഡി മെക്കാനിക്കൽ വിഭാഗത്തിന് അനുമതിക്കായി സമർപ്പിച്ചു. |
| 2011-12, 2012-13 | 3(1) | 2014-15 | | നിഷ്ക്രിയാസ്തികൾ-അവലോകനം | നിലനിൽക്കുന്നു |
| 2013-14, 2014-15 | 2(1),2(3) | 2016-17 | അനുബന്ധം | 2(1) വസ്തു നികുതി പിരിവ് അപാകതകൾ 2(3)തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു. |
| 2015-16 | 2(2) | 2016-17 | അനുബന്ധം | 2(2) ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി | നിലനിൽക്കുന്നു. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

*എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക*

ഇല്ല

*ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ /ഈടാക്കാനവശേഷിക്കുന്ന തുക*

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1997/98 | 35(2) | സി.പി മൊയ്തീൻകുട്ടി | എൽ.എഫ്2428/ സ്പെഷ്യൽ | 3000 | 1500, 6950/53 | 0 | 0 | 0 | 1500 | 1500 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | സെൽ/എസ്.സി /05/16.11.2006 | | /6.11.2000 | | | | | |
| 2 | 1997/98 | 36(3) | തുളസീഭായ്, സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | എൽ.എഫ്2428/ സ്പെഷ്യൽ സെൽ/എസ്.സി /05/16.11.2006 | 1000 | 1000, 22624/95 /21.01.2006 | 0 | 0 | 0 | 1000 | 0 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 117617754 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84826474 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 2204318 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 444400 | ശ്രീ. രാജേഷ്. വി.വി , വി.ഇ.ഒ |
| 1-18 | 1359798 | ശ്രീമതി.അയിഷ റഹ്ഫത്ത് കോയ, സെക്രട്ടറി |
| 1-21 | 96949 | |
| 1-22 | 303171 | |
| ആകെ | 2204318 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1998-99 | എൽ.എഫ്.എം14/1736/13 (2) തീയതി 21-1-2014 | 14 |
| 2 | 1999-00 | എൽ.എഫ്.എം-10/1524/2019 (3) തീയതി 14.10.2020 | 08 |
| 3 | 2000-01 | എൽ.എഫ്.എം-10/1524/2019 (4) തീയതി 14.10.2020 | 08 |
| 4 | 2001-02 | എൽ.എഫ്.എം-10/1524/2019 (5) തീയതി 14.10.2020 | 04 |
| 5 | 2002-03 | എൽ.എഫ്.എം-10/1524/2019 (6) തീയതി 14.10.2020 | 06 |
| 6 | 2003-04 | എൽ.എഫ്.എം-10/1524/2019 (7) തീയതി 30.10.2020 | 01 |
| 7 | 2004-05 | എൽ.എഫ്.എം-10/1524/2019 (8) തീയതി 30.10.2020 | 01 |

| | | | |
|---|---|---|---|
| 8 | 2005-06 | എൽ.എഫ്.എം-10/1524/2019 (9)<br>തീയതി 30.10.2020 | 03 |
| 90 | 2006-07 | എൽ.എഫ്.എം-10/1524/2019 (10)<br>തീയതി 30.10.2020 | 04 |
| 10 | 2007-08 | എൽ.എഫ്.എം-10/1524/2019 (11)<br>തീയതി 30.10.2020 | 04 |
| 11 | 2008-09,<br>2010-11 | എൽ.എഫ്.എം-10/1524/2019 (12)<br>തീയതി 30.10.2020 | 10 |
| 12 | 2011-12,<br>2012-13 | എൽ.എഫ്.എം14/508/2015<br>തീയതി 16-11-2015 | 15 |
| 13 | 2013-14,<br>2014-15 | കെ.എസ്.എ.എം.പി.എം.14/1878/2016 തീയതി<br>13/06/17 | 11 |
| 14 | 2015-16 | കെ.എസ്.എ.എം.പി.എം.14/3473/2016 തീയതി<br>15/02/18 | 17 |
| 15 | 2016-17 | കെ.എസ്.എ.എം.പി.എം14/1607/17 തീയതി<br>28.07.2018 | 17 |
| 16 | 2017-18 | കെ.എസ്.എ.എം.പി.എം.10/2403/2018<br>തിയ്യതി:01-06-2019 | 16 |
| 17 | 2018-19 | കെ.എസ്.എ.എം.പി.എം.10/1758/2019<br>തിയ്യതി:11-10-2019 | 15 |
| 18 | 2019-20 | കെ.എസ്.എ.എം.പി.എം.10/2139/2021 തിയ്യതി:<br>08-06-2022 | 09 |
| 19 | 2020-21 | കെ.എസ്.എ.എം.പി.എം.10/2140/2021<br>തിയ്യതി:08-06-2022 | 20 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.11/2022

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്